# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1758

05-02-2019 ൽ മറുപടി നല്കേണ്ടിയിരുന്നത്.

## നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ബാങ്കിൽ ജോലി നോക്കിയിരുന്ന കെ.റ്റി. അദീബിനെ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജരായി നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നു; | (എ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി, കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും 16-07-2018 ന് ചേർന്ന 46 -ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുകയുമാണുണ്ടായത്. |
| (ബി) | പ്രസ്തുത നിയമനം നൽകുന്നതിന് മുമ്പ് അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നുവോ; എങ്കിൽ ജനറൽ മാനേജരായി നിയമനം ലഭിച്ച കെ.റ്റി. അദീബ് അഭിമുഖത്തിന് ഹാജരായിരുന്നോ; | (ബി) | 25/08/2016 ലെ പത്രവാർത്ത പ്രകാരം അപേക്ഷിച്ചവരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നു; അദീബ് കെ.റ്റി. അഭിമുഖത്തിന് ഹാജരായിരുന്നില്ല. |
| (സി) | അഭിമുഖത്തിന് പോലും ഹാജരാകാത്ത ഉദ്യോഗസ്ഥനെ നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യവും അദ്ദേഹത്തിന് ഈ മേഖലയിലുള്ള പരിചയവും എന്തായിരുന്നു; വിശദമാക്കുമോ; | (സി) | ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16.07.2018 ന് ചേർന്ന 46 -ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത്; ശ്രീ. കെ.ടി. അദീബിന് ഗവൺമെന്റ് ഉത്തരവ് GO(Rt) No. 5369/2016/GAD dated. 18/08/2016 - ൽ പറയുന്ന യോഗ്യതകൾ ഉള്ളതായും പ്രോജക്ട്, ഫിനാൻസ്, മൈക്രോഫിനാൻസ് എന്നീ മേഖലകളിൽ പരിചയമുള്ളതായും ബോധ്യപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിയമനത്തിന് മുമ്പ് പത്രപരസ്യം നൽകിയിരുന്നുവോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിൽ, ഏതൊക്കെ ദിവസമെന്ന് വ്യക്തമാക്കുമോ; | (ഡി) | പത്രവാർത്ത നൽകിയിരുന്നു. 27/08/2016 ലെ ചന്ദ്രികാ ദിന പത്രം 04/09/2016 ലെ ദേശാഭിമാനി ദിന പത്രം, 27/08/2016 ലെ മാധ്യമം ദിന പത്രം കൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റിലും പരസ്യം ചെയ്തിരുന്നു. |
| (ഇ) | 26.10.2016 ൽ നടന്ന ഇന്റർവ്യൂവിൽ പങ്കെടുത്തവർ ആരൊക്കെയായിരുന്നു; അവരുടെ ഓരോരുത്തരുടെയും യോഗ്യത എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | 26/10/2016 ൽ ജനറൽ മാനേജർ തസ്തികയിലേക്ക് ഇൻറർവ്യൂവിന് എത്തിയവരുടെ പേരും യോഗ്യതയും താഴെ പറയും പ്രകാരമാണ്. |

| പേര് | യോഗ്യത |
|---|---|
| മോഹനൻ | ബി.എ, എം.ബി.എ, |
| റിജാസ് ഹാരിത് | ബി.കോം,എം.ബി.എ,<br>ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ |
| സജാദ് മുഹമ്മദ് | ബി.കോം, എം.ബി.എ, |

**സെക്ഷൻ ഓഫീസർ**